മാതൃഭൂമി
30 September 2026

വേമ്പനാട്ടുകായലിനെ അടുത്തറിഞ്ഞ് ഫിഷ് വോക്

കുറുങ്കോട്ട ദ്വീപിലെ കണ്ടൽ ആവാസവ്യവസ്ഥ നോക്കിക്കാണുന്ന യാത്രാസംഘം

കൊച്ചി ▸ വേമ്പനാട്ടുകായലിന്റെ ജൈവ വൈവിധ്യവും ആവാസവ്യവസ്ഥ നേരിടുന്ന വെല്ലുവിളികളും അടുത്തറിഞ്ഞ് കടമക്കുടിയിലേക്കൊരു ബോട്ട് യാത്ര. കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നടത്തി വരുന്ന ഫിഷ് വോകിന്റെ ഭാഗമായായിരുന്നു യാത്ര. മറൈൻ ഡ്രൈവിൽ നിന്ന് തുടങ്ങി 15-ഓളം ചെറുദ്വീപുകളെ ചുറ്റിയാണ് ബോട്ട് കടമക്കുടിയിലെത്തിയത്. വിദ്യാർഥികൾ, പരിസ്ഥിതിപ്രവർത്തകർ, ടൂറിസം പ്രൊഫഷണലുകൾ, അധ്യാപകർ, ഗവേഷകർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്.

'സ്വച്ഛതാ ഹി സേവ' വാരത്തോടും ലോക വിനോദസഞ്ചാര ദിനത്തോടുമനുബന്ധിച്ച് ജി.ഡി.എം. ട്രാവലുമായി സഹകരിച്ചായിരുന്നു പരിപാടി. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് യാത്ര ഫ്ലാഗ്ഓഫ് ചെയ്തു. മത്സ്യമേഖലയെ നേരിട്ടറിഞ്ഞുള്ള യാത്രകളിലൂടെ ശാസ്ത്രവിജ്ഞാനം ജനങ്ങളിലേക്ക് എത്തിക്കാൻ ലക്ഷ്യമിടുന്ന സി.എം.എഫ്.ആർ.ഐയുടെ ജനകീയ ബോധവത്കരണ പരിപാടിയാണ് ഫിഷ് വോക്.

കുറുങ്കോട്ട ചെറുദ്വീപിലെ നൂറുവർഷത്തോളം പഴക്കമുള്ള കണ്ടൽമരങ്ങളും പിഴലയിലെ പൊക്കാളി പാടങ്ങളുമായിരുന്നു പ്രധാന ആകർഷണം. കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് തീരദേശ മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങൾ, മത്സ്യസമ്പത്ത്, കക്കവർഗങ്ങൾ, പരമ്പരാഗത ജീവനോപാധികൾ, കൂടുമത്സ്യകൃഷി, കാലാവസ്ഥാ വ്യതിയാനം, മലിനീകരണം തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. സ്വച്ഛതാ കാംപെയ്നിന്റെ ഭാഗമായി കായലോരങ്ങളിൽ കുന്നുകൂടിയ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം ശേഖരിച്ച് പരിസരം വൃത്തിയാക്കി. കടമക്കുടി പൊക്കാളി കൃഷിയിടത്തിൽ യാത്രാസംഘവുമായി ടോണി ചമ്മണി എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ് എം.എസ്. ആന്റണി എന്നിവർ സംവദിച്ചു.